# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5037. 15-11-2019 ൽ മറുപടിയ്ക്ക്

## പാഠം ഒന്ന് പാടത്തേക്ക് പദ്ധതി

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയിൽ ഏതെല്ലാം വകുപ്പുകൾ പങ്കാളികളായിട്ടുണ്ടെന്ന വിശദീകരിക്കുമോ; | (എ) | കൃഷി വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്നാണ പാഠം ഒന്ന് പാടത്തേക്കെന്ന പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലയും പരിപാടിയിൽ സഹകരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) | പുതിയതലമുറയിലെ വിദ്യാർത്ഥി സമൂഹത്തിനിടയിൽ കൃഷിയിൽ താല്പര്യം വരുന്ന രീതിയിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കാർഷിക സർവ്വകലാശാല, മറ്റു ഗവേഷണ സ്ഥാപനങ്ങൾ, പുരോഗമനാശയങ്ങൾ നടപ്പിലാക്കുന്ന കർഷകരുടെ കൃഷിയിടം എന്നിവ സന്ദർശനം, കൃഷിത്തോട്ട നിർമ്മാണം എന്നിവ ഈ ഒരു വർഷം നടപ്പിലാക്കുന്നതാണ്. നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ കണ്ടു മനസ്സിലാക്കാനും, സാദ്ധ്യമായവ ചെയ്തു മനസ്സിലാക്കാനും അവസരം നൽകുക, ആരോഗ്യകരമായ ഭക്ഷണം, ജൈവഭക്ഷണ രീതി എന്നിവയെക്കുറിച്ചുള്ള അവബോധവും കുട്ടികളിലുണ്ടാക്കുക എന്നിവയും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളിൽപ്പെടുന്നു. വിത, നടീൽ, കൊയ്ത്ത്, കരനെൽകൃഷി, അതാത് സ്ഥലത്തെ നെൽകൃഷിയുടെ വിവിധ വളർച്ചാഘട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പാടങ്ങൾ ഏറ്റെടുത്ത് കൃഷി നടത്തുന്ന വിദ്യാലയങ്ങൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകുമോ; വിശദീകരിക്കുമോ ; | (സി) | ഈ പദ്ധതി പ്രകാരം ഒരു പാടവും കുട്ടികൾ/ വിദ്യാലയങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിനു പരിപാടിയില്ല. എല്ലാ വളർച്ചാഘട്ടവും കണ്ടു മനസ്സിലാക്കുന്നതിന് കുട്ടികളെ പാടത്തേക്ക് കൊണ്ടുപോകുക മാത്രമാണ് ചെയ്യുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തി സബ് ജില്ല, ജില്ല, സംസ്ഥാനതലത്തിൽ പുരസ്കാരങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) പുരസ്കാരങ്ങൾ നൽകുന്ന വിഷയം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ